**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5707** **08-07-2024 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള 52 ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് എല്ലാ വർഷവും 'Strengthening of Emergency Medical Care' എന്ന സ്കീമിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങി നൽകുന്നുണ്ട്. സംസ്ഥാനത്തിന്റെ ട്രോമാകെയർ പോളിസി പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളെ 'ലെവൽ -II & ലെവൽ - III' സ്ഥാപനങ്ങൾ ആക്കി മാറ്റുവാനാണ് ശ്രമിക്കുന്നത്. ഇതിനായി ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു. നിലവിൽ ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി പാലക്കാട് എന്നീ ആശുപത്രികളെ ലെവൽ-III സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്. ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ വകുപ്പിന് കീഴിലെ 52 സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ Capacity Building for Trauma Care Facilities in Govt. Hospitals located in National Highways ൽ ഉൾപ്പെടുത്തി ട്രോമ കെയർ സജ്ജമാക്കുകയും പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. എമർജൻസി മെഡിസിൻ വിഭാഗത്തോനുബന്ധിച്ചാണ് ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.<br><br>കൂടാതെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, കണ്ണൂർ എന്നീ |

| | | | |
|---|---|---|---|
| | | | സർക്കാർ മെഡിക്കൽ കോളേജുകളിലും ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനായി ആശുപത്രികളെ തെരഞ്ഞെടുത്ത മാനദണ്ഡം വിശദമാക്കാമോ; | (ബി) | എമർജൻസി കെയർ സേവനങ്ങൾ, പ്രത്യകിച്ച് ട്രോമ കെയർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2017 ൽ ഹെൽത്ത് സിസ്റ്റം സ്റ്റെങ്ങ്ത്തെനിങ് ഫോർ trauma care എന്ന ആക്ഷൻ പ്ലാൻ ആരോഗ്യ വകുപ്പ് രൂപപ്പെടുത്തിയിരുന്നു. GIS സോഫ്റ്റ്വെയർ ഉപയോഗിച്ച് പരിക്കും അടിയന്തിരാവസ്ഥയും പ്രധാന കാരണങ്ങളുടെ ഭൂമിശാസ്ത്രപരമായ ഡിസ്ട്രിബ്യൂഷൻ കൂടി ഉൾപ്പെടുത്തി അപകട സാധ്യതയുള്ള പ്രദേശങ്ങളുടെ വിശദമായ മാപ്പിംഗ് നടത്തി, ആംബുലൻസ് പോയിന്റുകൾ തിരിച്ചറിയാൻ ജിയോസ്പേഷ്യൽ വിശകലനവും സാധ്യതാ പഠനവും നടത്തി, ഗോൾഡൻ മണിക്കൂറിനുള്ളിൽ രോഗികളെ ആവശ്യമായ പരിചരണത്തിലേക്ക് സമയബന്ധിതമായി മാറ്റുന്നത് ഉറപ്പാക്കുന്നതിന് കൂടി വേണ്ടിയാണിത് പരിഗണിച്ചിട്ടുള്ളത്.<br><br>ഈ തിരഞ്ഞെടുത്ത ഓരോ ആശുപത്രികളിലും ഗ്യാപ്പ് അനാലിസിസ് നടത്തികൂടിയാണ് ഈ ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുള്ളത്.<br><br>മെഡിക്കൽ കോളേജുകളിൽ വാഹനാപകടങ്ങളിൽ പെട്ടവർക്ക് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനായി പ്രൈമറി കെയർ, സെക്കൻഡറി കെയർ, ടെർഷ്യറി കെയർ എന്നീ തലങ്ങളിൽ ട്രോമാ കെയർ സംവിധാനം സംസ്ഥാന സർക്കാരിൻറെ നയത്തിൻറെ അടിസ്ഥാനത്തിലും നാഷണൽ ഗൈഡ്‌ലൈൻസ് അനുസരിച്ചുമാണ് ക്രമീകരിച്ചിട്ടുള്ളത്.<br><br>**പ്രൈമറി കെയർ** - ഈ സംവിധാനത്തിൽ വാഹനാപകടത്തിൽ പരിക്കേറ്റ് വരുന്നവർക്ക് അടിയന്തിരമായി പ്രഥമ ശുശ്രൂഷ നൽകി രോഗിയുടെ ആരോഗ്യ സ്ഥിതി അനുസരിച്ച് കൂടുതൽ ചികിത്സ ലഭ്യമാക്കേണ്ട രോഗികളെ അടുത്ത ആശുപത്രികളിൽ എത്തിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയവ ആണ് പ്രൈമറി കെയർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുളത് .<br><br>**സെക്കൻഡറി കെയർ-** ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത് സ്പെഷ്യാലിറ്റി സേവനങ്ങൾക്കോടൊപ്പം 24 മണിക്കൂർ പ്രവർത്തിക്കുന്ന എമർജൻസി ഓപ്പറേഷൻ തീയേറ്ററുകൾ ഉള്ള ആശുപത്രികളെ ആണ്. നിലവിൽ |

| | | | |
|---|---|---|---|
| | | | കണ്ണൂർ, മഞ്ചേരി , എറണാകുളം, കൊല്ലം എന്നീ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളാണ് സെക്കൻഡറി കെയർ സംവിധാനം നടപ്പിലായിട്ടുള്ളത് .<br><br>ടെർഷ്യറി കെയർ- ഇത്തരം സംവിധാനത്തിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും, എമർജൻസി ഓപ്പറേഷനുകളും മറ്റു എല്ലാ തരത്തിലുള്ള പരിശോധനകളും ഉൾപ്പെടെ 24മണിക്കൂർ പ്രവർത്തിക്കുന്ന ആശുപത്രികളെ ആണ് തിരഞ്ഞെടുത്തിട്ടുള്ളത്. സംസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളാണ് ടെർഷ്യറി കെയർ സംവിധാനം നടപ്പിലായിട്ടുള്ളത്. |
| (സി) | വാഹനാപകടങ്ങൾ ഏറെ സംഭവിക്കുന്ന മലപ്പുറം ജില്ലയിലെ ഏക മെഡിക്കൽ കോളേജായ മഞ്ചേരി മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിലുള്ള അത്യാഹിത വിഭാഗത്തിൽ ട്രോമ കെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023-24 -ൽ 10 ലക്ഷം രൂപ സർക്കാർ ട്രോമാകെയറിന് അനുവദിച്ചിരുന്നു. ആയത് ഉപയോഗിച്ച് അത്യാഹിതവിഭാഗത്തിൽ ട്രോമാകെയറിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ 2024-25-ലും കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 23.75 കോടി രൂപ ചെലവിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചാൽ ട്രോമ കെയറിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. നിലവിൽ ന്യൂറോസർജറിയിൽ പോസ്റ്റ് ക്രിയേഷനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അനുവദിച്ച Cardio vascular Thorasic Surgery assistant professor, Urology Assistant Professor എന്നീ തസ്തികളിൽ നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. അതിനാൽ Surgery, Ophthalmology, ENT, Orthopedics എന്നീ വിഭാഗങ്ങൾ സംയോജിച്ചാണ് നിലവിൽ ട്രോമാകെയർ ചികിൽത്സ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ജില്ല** | **സ്ഥാപനം** |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം ജനറൽ ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി, ചിറയിൻകീഴ് THQH , നെടുമങ്ങാട് ജില്ലാ ആശുപത്രി , വിഴിഞ്ഞം CHC. |
| കൊല്ലം | കൊല്ലം ജില്ലാ ആശുപത്രി, കരുനാഗപ്പള്ളി THQH, കൊട്ടാരക്കര THQH, പുനലൂർ THQH. |
| പത്തനംതിട്ട | ജനറൽ ആശുപത്രി പത്തനംതിട്ട, ജില്ലാ ആശുപത്രി കോഴഞ്ചേരി, ജനറൽ ആശുപത്രി അടൂർ, THQH റാന്നി, THQH തിരുവല്ല. |
| ആലപ്പുഴ | THQH കായംകുളം, ജനറൽ ആശുപത്രി ആലപ്പുഴ, THQH ചേർത്തല, THQH ഹരിപ്പാട് |
| കോട്ടയം | ജനറൽ ആശുപത്രി കോട്ടയം, ജനറൽ ആശുപത്രി പാലാ, ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി |
| ഇടുക്കി | ജില്ലാ ആശുപത്രി തൊടുപുഴ, THQH അടിമാലി, THQH നെടുങ്കണ്ടം. |
| എറണാകുളം | ജനറൽ ആശുപത്രി എറണാകുളം, THQH നോർത്ത് പറവൂർ, ജില്ലാ ആശുപത്രി ആലുവ, താലൂക്കാശുപത്രി അങ്കമാലി, THQH കോതമംഗലം, ജനറൽ ആശുപത്രി മൂവാറ്റുപുഴ |
| തൃശൂർ | ജനറൽ ആശുപത്രി തൃശ്ശൂർ, THQH ചാലക്കുടി |
| പാലക്കാട് | ജില്ലാ ആശുപത്രി പാലക്കാട്, THQH ആലത്തൂർ, THQH ഒറ്റപ്പാലം , THQH ചിറ്റൂർ, THQH പട്ടാമ്പി |
| മലപ്പുറം | ജനറൽ ആശുപത്രി മലപ്പുറം , ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ |
| കോഴിക്കോട് | ജനറൽ ആശുപത്രി കോഴിക്കാട്, ജില്ലാ ആശുപത്രി വടകര, THQH കൊയിലാണ്ടി, THQH താമരശ്ശേരി |
| വയനാട് | ജില്ലാ ആശുപത്രി മാനന്തവാടി, THQH സുൽത്താൻബത്തേരി |
| കണ്ണൂർ | ജില്ലാ ആശുപത്രി കണ്ണൂർ, താലൂക്കാശുപത്രി പയ്യന്നൂർ, ജനറൽ ആശുപത്രി തലശ്ശേരി, THQH തളിപ്പറമ്പ് |
| കാസർഗോഡ് | ജനറൽ ആശുപത്രി കാസർഗോഡ് , ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് |